KERALA STATE ELECTRICITY BOARD LIMITED
(Incorporated under the Companies Act, 1956)
CIN:U40100KL2011SGC027424
Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004 Website: www.kseb.in

Office of the Director (Distribution , IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail: ddkseb@kseb.in

D (D, IT & HRM)/ COVID 19/ 2019 – 2020/7 21.04.2020

**പരിപത്രം**

**വിഷയം:** ലോക്ക്-ഡൗൺ കാലയളവിൽ റെഡ് കാറ്റഗറി ജില്ലകൾ / ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുന്ന കെ.എസ്.ഇ.ബി ഓഫീസുകളുടെ തുടർ പ്രവർത്തനം – മാർഗ്ഗനിർദ്ദേശങ്ങൾ.

**സൂചന :**
1. 19.03.2020ലെ പരിപത്രം നമ്പർ DGE/Circular/2019-2020/
2. 19.03.2020ലെ പരിപത്രം നമ്പർ PS1(B)/COVID-19/മുൻകരുതൽ/2020
3. 23.03.2020ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020
4. 24.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/2
5. 25.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/3
6. 31.03.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/5
7. 18.04.2020 ലെ പരിപത്രം നമ്പർ D(D,IT &HRM) / COVID 19/ 2019-2020/6
8. 20.04.2020 ന് അംഗീകൃത തൊഴിലാളി സംഘടനകളും ഓഫീസർമാരുടെ സംഘടനകളുമായി നടന്ന ചർച്ചയിലെ തീരുമാനങ്ങൾ
9. 20.04.2020 ലെ GO(RT) No 740/2020/H&FWD നമ്പർ കേരള സർക്കാർ ഉത്തരവ്

അംഗീകൃത തൊഴിലാളി സംഘടനകളും ഓഫീസർമാരുടെ സംഘടനകളുമായി നടന്ന ചർച്ചയിൽ റെഡ് കാറ്റഗറി ജില്ലകൾ ആയി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ജില്ലകളിൽ വരുന്ന ഓഫീസുകളിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടിരുന്നു. സൂചന 7 പരിപത്രം അനുസരിച്ച് Containment Zone എന്ന നിലയിൽ കർശനനിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ വരുന്ന ഓഫീസുകളിൽ സൂചന (1) മുതൽ (6) വരെയുള്ള സർക്കുലറുകൾ പ്രകാരം ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ തുടരേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നു. സൂചന 9 സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ 86 തദ്ദേശ സ്വയംഭരണപ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകൾ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

**സർക്കാർ പ്രഖ്യാപിച്ച റെഡ് കാറ്റഗറി ജില്ലകളിലും, ഹോട്ട്സ്പോട്ടുകൾ ആയി പ്രഖ്യാപിക്കുന്ന കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / പഞ്ചായത്ത് പരിധിയിൽ വരുന്ന ഓഫീസുകളിലും ഹാജരാകേണ്ട ജീവനക്കാരുടെ എണ്ണം, ചുമതല എന്നിവ സംബന്ധിച്ച് താഴെപറയുന്ന ക്രമീകരണങ്ങൾ വരുത്തി ഉത്തരവാകുന്നു.**

1. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ

   a. <u>ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച്</u>

      i. സെക്ഷൻ ഓഫീസ് ആസ്ഥാനം സ്ഥിതിചെയ്യുന്നത് റെഡ് കാറ്റഗറി ജില്ലയിൽ / ഹോട്ട്സ്പോട്ട് പ്രദേശത്ത് ആകുന്നു എങ്കിൽ ജീവനക്കാരുടെ വിന്യാസം താഴെപറയുന്ന വിധം ക്രമീകരിക്കേണ്ടതാണ്

         1. പകൽ ഷിഫ്റ്റിൽ (രാവിലെ 8 മുതൽ രാത്രി 8 വരെ) ഒരു ഓവർസീയർ, രണ്ട് ലൈൻമാൻ, രണ്ട് ഇലക്ട്രിസിറ്റി വർക്കർ എന്നിവരും, രാത്രി ഷിഫ്റ്റിൽ (രാത്രി 8 മുതൽ രാവിലെ 8 വരെ) ഒരു ഓവർസീയർ, രണ്ട് ലൈൻമാൻ എന്നിവരും അടങ്ങുന്ന ടീമുകൾ വൈദ്യുതി പുനസ്ഥാപന ജോലികൾ ചെയ്യേണ്ടതാണ്. ഇത്തരം രണ്ട് ടീമുകൾ ഓരോ ഓഫീസിനു കീഴിൽ

ഉണ്ടാകുന്നതാണ്. ഓരോ ടീമും തുടർച്ചയായ രണ്ട് ദിവസത്തെ ഷിഫ്റ്റുകൾ കൈകാര്യം ചെയ്യേണ്ടതും, ഷിഫ്റ്റ് ക്രമം ഈ രീതിയിൽ പ്രദേശം ഹോട്ട്സ്പോട്ട് / റെഡ് കാറ്റഗറി ജില്ല അല്ലാതെ ആകുംവരെ തുടരേണ്ടതുമാണ്.

2. ഇതിനു പുറമേ രണ്ട് ഓവർസീയർ, നാല് ലൈൻമാൻ, രണ്ട് ഇലക്ട്രിസിറ്റി വർക്കർ എന്നിവർ അടങ്ങുന്ന ടീം (ജനറൽ ഷിഫ്റ്റ് - രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ) അത്യാവശ്യ preventive maintenance ജോലികൾ, പുതിയ കണക്ഷനുകൾ നൽകുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്. ജനറൽ ഷിഫ്റ്റിൽ വരുന്ന ജീവനക്കാർ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഹാജരാകേണ്ടതുണ്ട്.

ii.

| Day | പകൽ ഷിഫ്റ്റ്<br>(08:00 AM to 08:00 PM)<br>(ഒരു ഓവർസീയർ, രണ്ട് ലൈൻമാൻ,<br>രണ്ട് ഇലക്ട്രിസിറ്റി വർക്കർ) | രാത്രി ഷിഫ്റ്റ്<br>(08:00 PM to 08:00 AM)<br>(ഒരു ഓവർസീയർ, രണ്ട് ലൈൻമാൻ) |
|---|---|---|
| Day 1 & 2 | D1 | N1 |
| Day 3 & 4 | D2 | N2 |
| ജനറൽ ഷിഫ്റ്റ് (8:00 AM to 5:00 PM)<br>(രണ്ട് ഓവർസീയർ, നാല് ലൈൻമാൻ, രണ്ട് ഇലക്ട്രിസിറ്റി വർക്കർ അടങ്ങുന്ന ടീം) | | |

അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർമാർ എന്നിവർ തങ്ങളുടെ സാധാരണ ചുമതലകൾ വഹിക്കേണ്ടതാണ്. സീനിയർ സൂപ്രണ്ട്, സീനിയർ അസിസ്റ്റന്റ്, കാഷ്യർ എന്നിവർ ഉപഭോക്താക്കളെ ഫോണിൽ ബന്ധപ്പെട്ട് ഓൺലൈനായി ബിൽ തുക അടയ്ക്കുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ/ സഹായങ്ങൾ നൽകേണ്ടതാണ്

b. മീറ്റർ റീഡിംഗ് / ബില്ലിംഗ് സംബന്ധിച്ച്

i. പ്രദേശം സർക്കാർ ഉത്തരവ് പ്രകാരം ഹോട്ട്സ്പോട്ടായി തുടരുന്ന കാലയളവിൽ മീറ്റർ റീഡിംഗ് എടുക്കേണ്ടതില്ല; ഇത്തരം സ്ഥലങ്ങളിൽ ശരാശരി ഉപഭോഗം കണക്കാക്കി സെക്ഷൻ ഓഫീസുകളിൽ നിന്നും ബിൽ തയ്യാറാക്കേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ സീനിയർ സൂപ്രണ്ട് ഉറപ്പാക്കേണ്ടതാണ്.

**റെഡ് കാറ്റഗറി ജില്ലകളിൽ ഉൾപ്പെടുന്നതും, എന്നാൽ ഹോട്ട്സ്പോട്ട് അല്ലാത്തതുമായ പ്രദേശങ്ങളിൽ മീറ്റർ റീഡിംഗ് / ബില്ലിംഗ് എന്നിവ സാധാരണ നിലയിൽ തുടരേണ്ടതാണ്.**

ii. സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ചില പ്രദേശങ്ങൾ മാത്രം ഹോട്ട്സ്പോട്ട് ആകുന്ന സാഹചര്യങ്ങളിൽ ഹോട്ട്സ്പോട്ട് പ്രദേശത്ത് മാത്രം റീഡിംഗ് ഒഴിവാക്കേണ്ടതും, ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കേണ്ടതുമാണ്.

c. ടി ഓഫീസുകളുടെ മറ്റ് പ്രവർത്തനങ്ങൾ സൂചന 7 പരിപത്രത്തിൽ നിഷ്കർഷിച്ച പ്രകാരം ക്രമപ്പെടുത്തേണ്ടതാണ്.

2. സബ്സ്റ്റേഷനുകൾ, ഉത്പാദന നിലയങ്ങൾ, കോൾ സെന്ററുകൾ, ഡേറ്റാ സെന്ററുകൾ, കൺട്രോൾ റൂമുകൾ, Load Dispatch Centreകൾ തുടങ്ങിയ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കേണ്ടതാണ്.

3. മറ്റ് ഓഫീസുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ / തത്തുല്യ തസ്തിക തുടങ്ങി മുകളിലേക്കുള്ള ഉദ്യോഗസ്ഥർ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഹാജരാകേണ്ടതാണ്. മറ്റ് ജീവനക്കാരുടെ 50 ശതമാനം ഈ ദിവസങ്ങളിൽ ഹാജരായാൽ മതിയാകും.

4. അടിയന്തിര സാഹചര്യങ്ങളിൽ മേൽ ക്രമീകരണങ്ങളിൽ യുക്തമായ മാറ്റങ്ങൾ ഓഫീസ് മേലധികാരിക്ക് വരുത്താവുന്നതാണ്

5. ഈ പ്രത്യേക ക്രമീകരണങ്ങൾ ഒരു പ്രദേശം റെഡ് കാറ്റഗറി ജില്ല / ഹോട്ട്സ്പോട്ടായി സർക്കാർ ഉത്തരവ് പ്രകാരം തുടരുന്ന കാലയളവിൽ മാത്രം ബാധകമായിരിക്കുന്നതാണ്. തുടർന്നുള്ള ലോക്ക്-ഡൗൺ കാലയളവിൽ സൂചന 7 പരിപത്രം പ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**ചെയർമാൻ ആന്റ് മാനേജിങ്ങ് ഡയറക്ടർ**

എല്ലാ വകുപ്പ് മേധാവികൾക്കും